# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2321 17/08/2017-ൽ മറുപടിയ്ക്ക്

**<u>പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | നടപ്പ സാമ്പത്തിക വർഷം പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ഭവനം, വിദ്യാഭ്യാസം, ഭൂമി തൊഴിൽ, നൈപുണ്യവികസനം, ആരോഗ്യം അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും കൊഴിഞ്ഞുപോക്ക തടയുന്നതിനുമായി എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗ കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസം ഉറപ്പ വരുത്തുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>ഊരുകളിൽ നിന്നും വിദ്യാലയങ്ങളിലേയ്ക്കുള്ള ദൂരവും ഭാഷാ പ്രശ്നവുമാണ് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്കിന് പ്രധാന കാരണമെന്ന് കണ്ടെത്തിയതിനെ തുടർന്ന് സ്കൂളിൽ നിന്നും വിദൂരത്തും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന **ഗോത്രസാരഥി എന്ന പദ്ധതി**യും വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ സർക്കാർ ആധികാരത്തിൽ വന്നതിനുശേഷം കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്ന |

തിനും കൊഴിഞ്ഞ് പോക്ക് തടയുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചു.

- ഗോത്രബന്ധു
- സാമൂഹ്യ പഠനമുറി

**ഗോത്രബന്ധു**

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട സ്കൂൾ കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും സ്കൂളുകളിൽ ഗോത്രഭാഷയിൽ അദ്ധ്യായനം നടത്തി കുട്ടികളുടെ കൊഴിഞ്ഞ് പോക്ക തടയുന്നതുമായി ഗോത്രബന്ധു എന്ന പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും റ്റി.റ്റി.സി, ബി.എഡ്. പാസ്സായ യുവതീ യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്നു. ഗോത്രബന്ധു പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ ആരംഭിച്ചു.

ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4 ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ ക്ലാസ്സുകളിൽ തന്നെ ഒന്നാം തരത്തിലുള്ള കുട്ടികളെ പദ്ധതിയുടെ ആദ്യവർഷം പ്രത്യേകം കേന്ദ്രീകരിക്കാൻ ലക്ഷ്യമിടുന്നു. ടി പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ

- ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുക
- പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ അധ്യാപികക്കൊപ്പം നിന്ന് ഗോത്ര വർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുക
- സ്കൂളുകളിലെ മറ്റു വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ സഹായിക്കുക
- സഹാധ്യാപകർക്ക് ഗോത്ര വർഗ്ഗ ഭാഷ സംസ്കാരം, ഗോത്ര വർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നല്കുകയും ആവശ്യമായ സഹായങ്ങൾ നല്കുകയും ചെയ്യുക എന്നിവയാണ്.

ഈ പദ്ധതി പ്രകാരം 241 സ്കൂളുകളിലെ 11797 പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്ന

ഇതിൻപ്രകാരം ജില്ലയിലെ 241 സർക്കാർ എയിഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്

**സാമൂഹ്യപഠന മുറി**

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹ്യ പഠന മുറി പ്രവർത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ / പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000/ രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നു. ഹാംലെറ്റിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പട്ടിക വർഗ്ഗ സെറ്റിൽമെന്റുകളിലായി 100 സാമൂഹ്യ പഠന മുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

| | | | |
|---|---|---|---|
| | | | ഇതു കൂടാതെ തുടർ പദ്ധതികളായി പട്ടികവർഗ്ഗ കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് നടപ്പലാക്കി വരുന്ന പദ്ധതികൾ.<br>1. ലാപ് ടോപ്പ് വിതരണം<br>2. ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്ര.<br>3. വസ്ത്ര വിതരണം<br>4. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം,<br>5. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശനപരീക്ഷാ പരിശീലനം,<br>6. സമർത്ഥരായ വിദ്യാർത്ഥികൽക്ക് പ്രത്യേക പ്രോത്സാഹനം.<br>7. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് റിസേർച്ച് ആന്റ് ഡവലപ്പ്മെന്റ് പദ്ധതി,<br>8. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്,<br>9. ട്യൂട്ടേറിയൽ ഗ്രാന്റ്<br>10. ബോർഡിംഗ് ഗ്രാന്റ്<br>11. പ്രീമെട്രിക് വിദ്യാഭ്യാസം<br>12. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പുകൾ.<br>13. മെഡിക്കൽ എഞ്ചിനിയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിച്ച വർക്കുള്ള ധനസഹായം. പോസ്റ്റ് മെട്രിക് പഠനം.<br>14. നഴ്സറി സ്കൂളുകൾ<br>15. പെരിപ്പതറ്റിക് / ഏകാദ്ധ്യാപക സ്ഥാപനങ്ങൾ / ബാലവിജ്ഞാന കേന്ദ്രങ്ങൾ<br>16. വികാസ് വാടി / കിന്റർഗാർട്ടൻ / ബാലവാടി<br>പട്ടികജാതി വികസനവകുപ്പിൽ നിലവിൽ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ അറ്റകുറ്റപണി നടത്തി വാസയോഗ്യമാക്കുന്നതിനു എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദീകരിക്കാമോ? | (സി) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സർക്കാർ ഏജൻസികൾ മുഖേന അനുവദിച്ച് നല്കിയതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്കുമായി സർക്കാർ ഉത്തരവ് (കൈ) നം.91/2013/പജപവവിവ. തീയതി 16/11/2013-ലെ അടിസ്ഥാനത്തിൽ നിലവിൽ വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു. ഈ ധനസഹായം ഒന്നര ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>പട്ടികജാതിക്കാരുടെ 5 വർഷം മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകൾ വാസയോഗ്യമാക്കുന്നതിനായി നിലവിൽ 50,000/- രൂപ ധനസഹായമായി നല്കുന്നു, ടി തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br><br>2017-18 വർഷം 5000 വീടുകൾക്ക് ഭവന പുനരുദ്ധാരണധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതിയ്ക്കായി സർക്കാരിന്റെ പരിഗണനയിലാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## അനുബന്ധം (1)

**2017-18 വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ**

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| എ) | **സംസ്ഥാന പദ്ധതികൾ** | |
| 1 | വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും | |
| | (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം. | 100.00 |
| | (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി | 60.00 |
| | (3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം | 70.00 |
| | (4) അനാഥരായ കുട്ടികൾക്കുള്ള സഹായം | 100.00 |
| | (5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 140.00 |
| 2 | പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | 220.00 |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) | 250.00 |
| 4 | ഭവന നിർമ്മാണം | 11508.00 |
| 5 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) | 5079.00 |
| 6 | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എ.റ്റി .എസ്.പി ഫണ്ട്) പ്രത്യേക പാക്കേജ് | 10000.00 |
| | അടിസ്ഥാന സൗകര്യങ്ങൾ | |
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം. | |
| | ആരോഗ്യം | |
| | 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്പ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്. | |
| | **പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി** | |
| 7 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) | 5000.00 |
| 8 | പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട് | 1000.00 |

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| 9 | എ). മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ. | 5500.00 |
| | പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ | 1500.00 |
| 10 | പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം | |
| | വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി | |
| | ഗോത്ര സാരഥി | |
| | സാമൂഹിക പഠനമുറി ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി (പുതിയ ഘടകം) | |
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ | 175.00 |
| | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 500.00 |
| 12 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം | 2000.00 |
| | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതികൾ | 600.00 |
| 13 | ഭക്ഷണത്തിനു ള്ള സഹായ/സുരക്ഷക്കുള്ള പരിപാടി | 2500.00 |
| 14 | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം | 500.00 |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം | |
| | 1. ട്രൈബൽ പ്രൊമോട്ടർമാർ | 1360.00 |
| | 2. ഊരുകൂട്ടങ്ങളുടെ സംഘാടനം | 80.00 |
| | 3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം. | 228.00 |
| | 4. ഹോസ്റ്റലുകളിലും എം.ആർ.എസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം. | 98.00 |
| | 5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 125.00 |
| | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം | 400.00 |

| ക്രമനം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| 16 | **പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം** | |
| | 1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം | 250.00 |
| | 2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം | 175.00 |
| | 3. ജനനി ജന്മരക്ഷ | 1500.00 |
| | 4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം | 25.00 |
| | 5. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി) | 200.00 |
| 17 | 1. അടിയൻ, പണിയൻ, പ്രാക്തനാഗോത്ര വർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | 500.00 |
| | 1. അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം | |
| | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. | |
| | അഗതി മന്ദിരം | |
| 18 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം | 250.00 |
| 19 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും. | 50.00 |
| 20 | ആദികലാഗ്രാമം | 40.00 |
| 21 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) | |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുകളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം) | 1500.00 |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം) | 450.00 |

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| 22 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം) | 125.00 |
| 23 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം) | 25.50 |
| 24 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) | 30.00 |
| 25 | പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ | 17600.00 |
| 26 | ഗ്രാമവികസന പരിപാടികൾ | |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) | 3039.50 |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) | 255.00 |
| | **ആകെ സംസ്ഥാന പദ്ധതി വിഹിതം** | **75108.00** |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | |
| 26 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം | 1300.00 |
| 27 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:- | 3000.00 |
| 28 | 9-ാംക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) | 500.00 |
| 29 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം ) | 350.00 |
| 30 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :- | 350.00 |
| 31 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ ) | 100.00 |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- | 60.00 |
| 33 | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ | 199.76 |
| 34 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). | 0.01 |

| ക്രമനം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| 35 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ | 0.01 |
| 36 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം | 0.01 |
| 37 | പട്ടികവർഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ :- | 0.01 |
| 38 | വനബന്ധു കല്ല്യാൺ യോജന | 1000.00 |
| | ആകെ | 6859.80 |
| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | |
| 39 | ഗ്രാമവികസന പരിപാടികൾ | |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) / പി. എം. എ. വൈ) | 4559.20 |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) | 382.50 |
| 40 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | |
| 40 | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 1500.00 |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 450.00 |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 125.00 |
| 42 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) | 24.50 |
| 43 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 30.00 |
| | ആകെ (സി) | 7071.20 |
| | ആകെ (ബി+സി) | 13931.00 |
| | ആകെ (എ+ബിസി) | 89039.00 |

പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി പട്ടിക വർഗ്ഗ സെറ്റിൽ മെന്റുകളിലായി 100 സാമൂഹ്യ പഠന മുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

ഇതു കൂടാതെ തുടർപദ്ധതികളായി പട്ടികവർഗ്ഗ കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ

- ലാപ്ടോപ്പ് വിതരണം
- ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്ര
- വസ്ത്ര വിതരണം
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക സ്കൂൾ, നവോദയസ്കൂൾ പ്രവേശന പരീക്ഷാപരിശീലനം.
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
- അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി
- മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

| | | |
|---|---|---|
| | | • ട്യൂട്ടോറിയൽ ഗ്രാന്റ്<br>• ബോർഡിംഗ് ഗ്രാന്റ്<br>• പ്രീമെട്രിക് വിദ്യാഭ്യാസം<br>• 9.10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പുകൾ<br>• മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br>• പോസ്റ്റ്മെട്രിക് പഠനം<br>• നഴ്സറി സ്കൂളുകൾ<br>• പെരിപത്റ്റിക് / ഏകാദ്ധ്യാപ സ്ഥാപനങ്ങൾ/ ബാലവിജ്ഞാന കേന്ദ്രങ്ങൾ<br>• വികാസ് വാടി/ കിന്റർഗാർട്ടൻ/ബാലവാടി |
| സി | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ അറ്റകുറ്റപണി നടത്തി വാസയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദീകരിക്കാമോ | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സർക്കാർ ഏജൻസികൾ മുഖേന അനുവദിച്ച് നൽകിയതും, നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണിപൂർത്തിയാക്കുന്നതിനും, അറ്റകുറ്റപണി, നവീകരണം എന്നിവയ്ക്കുമായി സർക്കാർ ഉത്തരവ് (കൈ) നം. 91/2013/ പജപവ വിവ തീയതി 16/11/2013 -ലെ അടിസ്ഥാനത്തിൽ നിലവിൽ വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു. ഈ ധന സഹായം ഒന്നര ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള പ്രൊപോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

**പട്ടികജാതിക്കാർക്കായി നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ:**

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി

2. ഭവനരഹിതർക്ക് ഭവനം

3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ

4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്

5) മരാമത്തും, കെട്ടിടവും

6) പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും

7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി

8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം

12) തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം

13) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം)

14) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)

15) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

16) വാത്സല്യനിധി

17) എല്ലാ ജില്ലകളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റൽ

18) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ,
പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി
(40% സംസ്ഥാനവിഹിതം)
എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ)
പ്രത്യേക ഘടക പദ്ധതി (40% സംസ്ഥാനവിഹിതം)

19) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

**കേന്ദ്രധനസഹായ പദ്ധതികൾ**

കൂടാതെ താഴെ പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

a) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്സ്കോളർഷിപ്പ് (100%)

b) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ (100%)

c) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

d) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100%)

e) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

സെക്ഷൻ ഓഫീസർ